THURSDAY 18-11-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -18/11/2021

1. ആലപ്പുഴ ഐ.സി.എ.ആർ കൃഷിവിജ്ഞാന കേന്ദ്രത്തിലെ കാർഷികോൽപ്പന്ന സംസ്കരണ പരിശീലന കേന്ദ്രത്തിന്റെ ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് 2 മണിക്ക് കൃഷിമന്ത്രി പി. പ്രസാദ് നിർവഹിക്കും. ഇതിനോടനുബന്ധിച്ച് പരിശീലന ഹാൾ- ലാബോറട്ടറി സമുച്ചയം എന്നിവയുടെ ഉദ്ഘാടനം ആലപ്പുഴ എം.പി. അഡ്വ. എ.എം. ആരിഫ് നിർവഹിക്കും.

2. സംസ്ഥാനത്തുണ്ടായ കനത്ത പ്രകൃതിക്ഷോഭത്തിൽ സംഭവിച്ചിട്ടുള്ള കൃഷി നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ദുരന്ത ലഘൂകരണത്തിനുമായി കൃഷി വകുപ്പ് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കൺട്രോൾ റൂമുകൾ തുറന്നതായി കൃഷി ഡയറക്ടർ അറിയിച്ചു. കർഷകർക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**സംസ്ഥാനതല കൺട്രോൾ സെൻറർ - 9447210314**

**ജില്ലാതല കൺട്രോൾ സെന്ററുകൾ**

| ജില്ല | നമ്പർ |
|---|---|
| തിരുവനന്തപുരം | 9446021290 |
| കൊല്ലം | 9447453040 |
| പത്തനംതിട്ട | 9495734107 |
| ആലപ്പുഴ | 9497787894 |
| കോട്ടയം | 9446430657 |
| എറണാകുളം | 9446518181 |
| ഇടുക്കി | 9447232202 |

| ജില്ല | നമ്പർ |
|---|---|
| തൃശ്ശൂർ | 9383473242 |
| മലപ്പുറം | 9846820304 |
| പാലക്കാട് | 9383471457 |
| കോഴിക്കോട് | 8547802323 |
| കണ്ണൂർ | 9447577519 |
| വയനാട് | 7012568399 |
| കാസർഗോഡ് | 8921995435 |

3. തിരുവനന്തപുരം കോർപ്പറേഷൻ കൃഷിഭവന്റെയും ആനാട് ഇക്കോ ഷോപ്പ് കർഷകചന്ത കർഷകരുടെയും കവടിയാർ റെസിഡന്റ്സ് അസോസിയേഷന്റെയും നേതൃത്വത്തിൽ കവടിയാർ പട്ടം താണുപിള്ള ഗവ. യു.പി.എസി നു മുന്നിൽ ഇന്ന് നടക്കുന്ന ആഴ്ച ചന്തയിൽ **കാർത്തിക വിളംബര കിഴങ്ങ് ചന്ത** നടക്കും. ഇതിന്റെ ഉദ്ഘാടനം എം.എൽ.എ അഡ്വ. വി.കെ. പ്രശാന്ത് നിർവ്വഹിക്കും.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് **രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി** പ്രകാരം **ചെറുകിട കൂൺ ഉൽപാദനം, ഹൈടെക് കൂൺകൃഷി, കൂൺ സംസ്കരണം, കൂൺ വിത്തുൽപാദന യൂണിറ്റുകൾ** എന്നിവയ്ക്കു 40ശതമാനം സബ്സിഡിയും മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾക്ക് 50 ശതമാനം സബ്സിഡിയും അനുവദിക്കുന്നു. കൂടാതെ 50 സെന്റ് സ്ഥലത്ത് നഴ്സറി സ്ഥാപിക്കുന്നതിന് കാർഷിക ഗ്രൂപ്പുകൾ, കുടുംബശ്രീ, സൊസൈറ്റികൾ എന്നിവയ്ക്ക് 50 ശതമാനം ധനസഹായം പരമാവധി 15 ലക്ഷം രൂപയും അനുവദിക്കുന്നു. **ഔഷധ സസ്യകൃഷി വികസന പദ്ധതി പ്രകാരം** ഗ്രൂപ്പടിസ്ഥാനത്തിൽ ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 1.25 ലക്ഷം രൂപ വരെയും ധനസഹായം അനുവദിക്കുന്നു. താൽപര്യമുള്ള തൃശൂർ ജില്ലയിലെ കർഷകർ, കാർഷിക ഗ്രൂപ്പുകൾ എന്നിവർ അതതു സ്ഥലത്തെ കൃഷിഭവനുമായോ **8086606434** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യണമെന്ന് തൃശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

5. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/സംഘടനയെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്റ്റേർഡ് സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം **ഡിസംബർ മാസം 10-ാം** തീയതിയ്ക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ മൂന്ന് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷാ ഫോറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിയ്ക്കുന്നു

6. ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻകോഴിക്കുഞ്ഞുങ്ങൾ പൗൾട്രി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാമിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് **9495000923** എന്ന നമ്പരിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. കോഴിക്കോട് ജില്ലയിൽ 2021-22 ക്വാളിറ്റി കൺട്രോൾ പദ്ധതിയുടെ ഭാഗമായി **ചെറുകിട വളം, കീടനാശിനി ഡിലർമാർക്ക്** ജില്ലാ തലത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. തിക്കോടി , വടകര, പേരാമ്പ്ര, തോടന്നൂർ, തൂണേരി, കുന്നുമ്മൽ ബ്ലോക്ക് പരിധിയിൽ വരുന്ന ഡീലർമാർക്ക് ഈ മാസം **29-ന്** (29/11/2021) രാവിലെ 10.30 നും, കോഴിക്കോട്, കാക്കൂർ, കുന്നമംഗലം, കൊടുവള്ളി, കൊയിലാണ്ടി, ബാലുശ്ശേരി എന്നീ ബ്ലോക്കുകൾക്ക് അന്നേ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ദിവസം 2 മണിക്കും നഗര കാർഷിക മൊത്ത വിപണന കേന്ദ്രം, വേങ്ങേരിയിലെ വീഡിയോ കോൺഫറൻസ് ഹാളിൽ വച്ച് പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ എല്ലാ ഡീലർമാരും പങ്കെടുക്കണമെന്ന് കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് (18.11.2021) രാവിലെ 11 മണി മുതൽ **തീറ്റപ്പുൽ സംസ്കരണം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **8075028868** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **"പശു വളർത്തൽ"** എന്ന വിഷയത്തിൽ നാളെ (19/11/2021) രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടു വരേണ്ടതാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പരമാവധി 30 പേർക്കായിരിക്കും പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ **0491-2815454** എന്ന നമ്പറിലേക്ക് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്

10. വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 20-ന് രാവിലെ 10.30 മുതൽ **ആദായകരമായ ക്ഷീരോൽപാദനത്തിൽ തീറ്റപ്പുൽകൃഷിയുടെ പ്രാധാന്യം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഈ മാസം **19**-നകം വാട്ട്സാപ്പ് നമ്പരിൽ നിന്നും **8078599881, 9400831831** എന്നീ ഫോൺ നമ്പരുകളിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയാടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഇന്നും നാളെയുമായി (നവംബർ 18, 19) **മുട്ടക്കോഴി വളർത്തൽ**, എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ 0479 2457778 എന്ന നമ്പരിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. രണ്ട് ഡോസ് കോവിഡ് വാക്സിൻ എടുത്ത സർട്ടിഫിക്കറ്റ് പരിശീലനസമയത്ത് ഹാജരാക്കേണ്ടതാണ്.